2. പട്ടികജാതി-പട്ടിക വർഗ്ഗ കൃഷിക്കാർക്കുള്ള ഉദാരമായ സബ്സിഡി പദ്ധതി

ഇതനുസരിച്ച് തെങ്ങിൻ തൈകൾ (നാടൻതൈകളും, സങ്കര വർഗ്ഗവും) നൂറു ശതമാനം സൗജന്യമായും (ഒരാളിന് 10 തൈ വരെ) പ്രസ്തുത കൃഷിക്കാരുടെ കൃഷി ഭൂമിയിൽനിന്നും പരമാവധി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ രാസവളത്തിന്റെ 50 ശതമാനം സൗജന്യമായും (ഇത് ഒരു കൃഷിക്കാരന് പരമാവധി 100 രൂപായിൽ കവിയാൻ പാടില്ല) സസ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായ കീടനാശിനികൾ പരമാവധി 25 രൂപയിൽ കവിയാതുള്ളതു സൗജന്യമായും നൽകി വരുന്നു.

3. ഗിരിവർഗ്ഗ ക്ഷേമ വികസന സബ് പ്ലാൻ പ്രദേശത്ത് ഗിരിവർഗ്ഗ ക്ഷേമം ലക്ഷ്യമാക്കി നടപ്പാക്കിവരുന്ന കൃഷി പദ്ധതി

ഈ പദ്ധതിയനുസരിച്ച് അട്ടപ്പാടിയിൽ ഒരു വിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുക, സബ് പ്ലാൻ പ്രദേശത്തെ ഗിരിവർഗ്ഗ കർഷകർക്ക് ശാസ്ത്രീയ കൃഷി രീതിയിൽ പരിശീലനം നൽകുക, അവർക്ക് മേത്തരം പണിയായുധങ്ങൾ സൗജന്യമായി വിതരണം ചെയ്യുക എന്നിവയാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി). മൂന്നു പദ്ധതികൾക്കുംകൂടി 20.37 ലക്ഷം രൂപാ.

(ഡി) 1979 ജനുവരി മാസം അവസാനം വരെ 7.153 ലക്ഷം രൂപാ ചെലവഴിച്ചിട്ടുണ്ട്.

(ഇ) അതിനു വേണ്ടുന്ന നിർദ്ദേശങ്ങൾ ജില്ലാ കൃഷി ഉദ്യോഗസ്ഥൻമാർക്കു നൽകിയിട്ടുണ്ട്.

ഫാം തൊഴിലാളികൾ

1089 [1736] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം സ്ഥിരം ഫാം തൊഴിലാളികളുണ്ട്;

(ബി) അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നു;

(സി) ഫാം തൊഴിലാളികളിൽ റെഗുലർ, പെർമനൻറ്, കാഷ്വൽ എന്ന മൂന്നു വിഭാഗം വേറെ ഉണ്ടോ;

(ഡി) എങ്കിൽ ഇവരിൽ എന്ത് വ്യത്യാസമാണുള്ളത്.

(ഇ) ഇവരുടെ വേതന വർദ്ധനവും ശമ്പളസ്കെയിലും എങ്ങനെയാണുള്ളത്;

(എഫ്) ഇവരുടെ ശമ്പളത്തുകകൾക്ക് വ്യത്യാസമുണ്ടോ;

(ജി) വ്യത്യാസത്തിന് കാരണമെന്ത്;

(എച്ച്) ഫെസ്റ്റിവൽ അലവൻസ് ഏതെല്ലാം ഫാമുകളിൽ നൽകിയിട്ടുണ്ട്;

(ഐ) ഫെസ്റ്റിവൽ അലവൻസ് നീലേശ്വരം ഫാമിൽ കാഷ്വൽ തൊഴിലാളികൾക്ക് നൽകാതിരിക്കാൻ കാരണമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) 240 ദിവസം വർഷത്തിൽ തികയുകയും 7 കൊല്ലം സ്ഥിരമായി നീലേശ്വരം ഫാമിൽ പ്രവർത്തിക്കുന്നവരേയും എന്തുകൊണ്ട് സ്ഥിരപ്പെടുത്താതെ നീട്ടികൊണ്ടുപോകുന്നു;

(കെ) ദേശീയ നേതാക്കൻമാരുടെ മരണത്തോടനുബന്ധിച്ച് (ഇ. ജോൺജേക്കബ്, കെ. പി. കേശവമേനോൻ) സർക്കാർ ജീവനക്കാർക്ക് ഒഴിവ് നൽകിയപ്പോഴും നീലേശ്വരം ഫാമിൽ പെർമനൻറ്, കാഷ്വൽ തൊഴിലാളികൾക്ക് ഒഴിവു നൽകാതെ ജോലി ചെയ്യിപ്പിച്ചതിനെ സംബന്ധിച്ച് സർക്കാർ അന്വേഷിക്കുമോ;

(എൽ) ഒഴിവു ദിവസങ്ങളിൽ വേതനം നൽകുമോ;

(എം) നീലേശ്വരം ഫാമിൽ തൊഴിലാളികൾക്ക് വേതനം കുടിശ്ശിക ഉണ്ടോ;

(എൻ) കുടിശ്ശിക എപ്പോൾ കൊടുത്തുതീർക്കും?

ഉത്തരം

(എ) താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ സ്ഥിരം തൊഴിലാളികൾ ഉണ്ട്.

1. ജില്ലാ കൃഷിത്തോട്ടം, പെരിങ്ങമ്മല
2. ,, അഞ്ചൽ
3. ,, മാവേലിക്കര
4. ,, കോഴ
5. ,, നേര്യമംഗലം
6. ,, കുത്താളി
7. ,, തളിപ്പറമ്പ്
8. കോക്കനട്ട് ഫാം, നീലേശ്വരം
9. ചിങ്ങേരി എക്സ്റ്റൻഷൻ സ്കീം, അമ്പലവയൽ
10. സെൻട്രൽ ഓർച്ചാർഡ്, പട്ടാമ്പി
11. ഹോർട്ടികൾച്ചറൽ ഫാം, മലമ്പുഴ
12. ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം, നെല്ലിയാമ്പതി
13. സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപെരിയാർ
14. ഇൻറഗ്രേറ്റഡ് സീഡ് ഡെവലപ്പ്മെൻറ് ഫാം, എരുത്തംപതി
15. ബനാനാ നേഴ്സറി, പെരിങ്ങമ്മല
16. കോക്കനട്ട് നേഴ്സറി, കഴക്കൂട്ടം
17. ,, വലിയതുറ
18. ,, വൈറ്റില
19. ,, പരപ്പനങ്ങാടി
20. വെജിറ്റബിൾ സീഡ് പ്രൊഡക്ഷൻ സെൻറർ, ആലുവ
21. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ, തിക്കോടി
22. കായംകുളം കായൽ റിക്ലമേഷൻ സ്കീം, ചേപ്പാട്
23. സ്റ്റേറ്റ് സീഡ് ഫാം, കോഴ
24. ,, കാണ്ടകോം
25. ,, കാസർകോട്
26. ,, പുല്ലൂർ
27. ,, ചേങ്ങോട്
28. ,, ഉള്ളൂർ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇന്ന് നിലവിലുള്ള ആനുകൂല്യങ്ങളും താഴെ ചേർക്കുന്നു.

1. മാസശമ്പളം—
പുരുഷൻ—രൂപ 65-3-80-4-100-5-110.
സ്ത്രീ—രൂപ 50-3-65-4-85-5-90.

2. ശമ്പളത്തോടുകൂടിയുള്ള മറ്റാനുകൂല്യങ്ങൾ—

(എ) ജീവിത നിലവാരസൂചിക അനുസരിച്ചുള്ള ക്ഷാമബത്ത

(ബി) അഡ്ഹോക് ഇൻക്രീസ് രൂപ 11 പ്രതിമാസം

(സി) വീട്ടുവാടക അലവൻസ് രൂപ 5 പ്രതിമാസം

3. കാഷ്വൽ ലീവ് വർഷത്തിൽ പത്തു ദിവസം.

4. സിക് ലീവ്, പകുതി ശമ്പളവും മുഴുവൻ ക്ഷാമബത്തയോടുകൂടി വർഷത്തിൽ 15 ദിവസം.

5. ലീവ് വിത്ത് വേജസ്—ഇരുപത് ദിവസത്തെ ജോലിക്ക് ഒരു ദിവസം എന്ന കണക്കിൽ.

6. നാഷണൽ ആൻറ് ഫെസ്റ്റിവൽ ഹോളിഡേയ്സ് ആയിട്ട് വർഷത്തിൽ ഏഴുദിവസം, കൂടാതെ ഓണത്തിന് രണ്ട് ദിവസം കൂടുതൽ അവധി.

7. ലീവ് വിത്തൗട്ട് അലവൻസ്—മെഡിക്കൽ സർട്ടിഫിക്കറിന്റെ അടിസ്ഥാനത്തിൽ വർഷത്തിൽ 30 ദിവസം.

8. കോടതിയിൽ സാക്ഷി എന്ന നിലയിൽ തെളിവ് കൊടുക്കുവാൻ വേണ്ടുന്ന അവധി.

9. കോളറ, വിഷജ്വരം എന്നിവക്ക് പ്രതിരോധ കുത്തിവയ്പ്പിനുവേണ്ടി ഒരു ദിവസം അവധി

10. സ്പെഷ്യൽ കാഷ്വൽ ലീവ്.
സ്റ്റെറിലൈസേഷൻ നടത്താൻ പുരുഷനു പരമാവധി 5 ദിവസവും സ്ത്രീക്ക് 10 ദിവസവും അവധി

11. പ്രസവാവധി—

പ്രസവത്തിനു തൊട്ടു മുമ്പുള്ള 12 മാസക്കാലത്തിൽ 160 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള സ്ത്രീ തൊഴിലാളി കൾക്ക് 12 ആഴ്ചക്കാലത്തെ പ്രസവാവധി, ഈ അവധിക്കാലത്ത് ആഴ്ചയിൽ 5.75 രൂപയോ അല്ലെങ്കിൽ ശരാശരി ദിവസശമ്പളത്തിന്റെ 7/12 ഏതാണ് അധികം അത് പ്രസവകാല വേതനമായി കൊടുക്കും.

12. ഗ്രാറ്റുവിറ്റി—

അഞ്ചു കൊല്ലത്തിൽ കുറയാത്ത തുടർച്ചയായ സർവ്വീസുള്ള തൊഴിലാളിക്ക് അയാളുടെ ഓരോ കൊല്ലത്തെ പൂർത്തിയായ സർവ്വീസിനും 15 ദിവസത്തെ ശരാശരി വേതനം എന്ന കണക്കിന് ഗ്രാറ്റുവിറ്റി.

13. പ്രോവിഡൻറ് ഫണ്ട്—

1952-ലെ എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട് ആക്റ്റിനു വിധേയമായിട്ടുള്ള പ്രോവിഡൻറ് ഫണ്ട്.

(സി) ഫാം തൊഴിലാളികളിൽ 'പെർമനൻറ്' എന്നും കാഷ്വൽ എന്നും രണ്ടു വിഭാഗമേ ഇപ്പോൾ നിലവിലുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പെർമനൻറ് തൊഴിലാളികൾക്ക് സ്ഥിരജോലിയും മാസ ശമ്പളവും പേ സ്കെയിലിൽ. കാഷ്വൽ തൊഴിലാളികൾക്ക് ജോലി ചെയ്യുന്ന ദിവസം മാത്രം ദിവസകൂലിയുമാണുള്ളത്.

(ഇ) പെർമനൻറ് വിഭാഗത്തിന് ശമ്പളസ്കെയിൽ—

പുരുഷൻ—രൂപ 65-3-80-4-100-5-110

സ്ത്രീ—രൂപ 50-3-65-4-85-5-90

കാഷ്വൽ വിഭാഗത്തിന് ജീവിതനിലവാര സൂചിക അനുസരിച്ചുള്ള വേതനം.

(എഫ്) മാസശമ്പളക്കാരുടെ ശമ്പളസ്കെയിൽ.

(ജി) എല്ലായിടത്തും ഒന്നുതന്നെ. എന്നാൽ അതാതു ഡിസ്ട്രിക്റ്റിലെ ജീവിതനിലവാര സൂചിക കണക്കിലെടുത്ത് വേതനം നിശ്ചയിക്കുന്നതിനാൽ ഓരോ ഡിസ്ട്രിക്റ്റിലും, കാഷ്വൽ വിഭാഗത്തിൻെറ വേതനതുകയിൽ വ്യത്യാസമുണ്ടാകും.

(എച്ച്) എല്ലാ ഫാമുകളിലും നൽകിയിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഐ) വിവരം ശേഖരിച്ചുവരുന്നു.

(ജെ) വർഷത്തിൽ 240 ദിവസം ജോലിചെയ്തു എന്ന കാരണത്താൽ ഒരു തൊഴിലാളിയേയും സ്ഥിരപ്പെടുത്താൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

(കെ) അന്വേഷിക്കാം.

(എൽ) നിയമവിധേയമാണെങ്കിൽ നൽകുന്നതാണ്.

(എം) ഉണ്ട്.

(എൻ) കഴിയുന്നതും വേഗം കൊടുത്തു തീർക്കാനുള്ള എല്ലാ നടപടികളും എടുത്തു കഴിഞ്ഞിട്ടുണ്ട്.

തെങ്ങുരോഗ നിവാരണത്തിനുള്ള സ്കീമുകൾ

1090 [1738] ശ്രീ. ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) തെങ്ങുരോഗ നിവാരണത്തിനായി ഇന്നു നിലവിലുള്ള സ്കീമുകൾ എന്തൊക്കെയാണ്;

(ബി) രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വച്ചു പിടിപ്പിക്കാനുള്ള സ്കീം ഇപ്പോൾ എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്;

(സി) ഈ സ്കീം സംസ്ഥാന വ്യാപകമാക്കാൻ എത്ര കാലമെടുക്കും;

(ഡി) ഈ പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷത്തിൽ എന്തു തുക ചെലവായിട്ടുണ്ട്;

(ഇ) എത്ര കർഷകർക്ക് ഇതിൻെറ പ്രയോജനം ലഭിച്ചുവെന്നു പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly